# കേരള സർവകലാശാല

നം. പി.ആർ.029/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എസ്‌സി ഫലം

കേരള സർവകലാശാല 2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി മൈക്രോബയോളജി, ഇലക്ട്രോണിക്സ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### മികച്ച പ്രബന്ധത്തിനുള്ള അവാർഡ്

തലശ്ശേരിയിൽ വച്ച് നടന്ന 30-ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ എൻജിനീയറിംഗ് സയൻസ് വിഭാഗത്തിൽ മികച്ച പ്രബന്ധത്തിനുള്ള അവാർഡ് കേരള യൂണിവേഴ്സിറ്റി ഒപ്റ്റോഇലക്ട്രോണിക്സ് വിഭാഗത്തിലെ ഗവേഷകയുമായ സരിതാദേവി. എച്ച്.വി ലഭിച്ചു.



(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)

### ബി.എ ഫലം

കേരള സർവകലാശാല 2017 മേയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഡിഗ്രി പരീക്ഷ (2013 അഡ്മിഷന് മുമ്പുള്ളത്) യുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി പരീക്ഷ

കേരള സർവകലാശാലയുടെ ബോട്ടണി വിഭാഗം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ ബയോഡൈവേർസിറ്റി കൺസർവേഷൻ കോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 12 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി.ഡി.ബി.എസ് പരീക്ഷ

കേരള സർവകലാശാല മാർച്ചിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസസ് (പി.ജി.ഡി.ബി.എസ്) പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 14, 50 രൂപ പിഴയോടെ ഫെബ്രുവരി 16, 125 രൂപ പിഴയോടെ ഫെബ്രുവരി 20 വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2017 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അവാർഡ് വിതരണം

കേരള സർവകലാശാല 2016-17 വർഷത്തെ കേരള സർവകലാശാല യുവജനോത്സവത്തിലും (തിരുവനന്തപുരം), നാടകോത്സവത്തിലും (മാവേലിക്കര), സൗത്ത് സോൺ യുവജനോത്സവത്തിലും (ബാംഗ്ലൂർ), നാഷണൽ യുവജനോത്സവത്തിലും (കോലാപ്പൂർ) വ്യക്തിഗത-ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയവർക്കും, നാടകോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കോളേജ് ടീമിനും ക്യാഷ് അവാർഡുകൾ ഫെബ്രുവരി ആറാം തീയതി തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള സ്റ്റുഡന്റ് സെന്ററിൽ വിതരണം ചെയ്യും. അർഹരായ വിദ്യാർത്ഥികളും ടീമംഗങ്ങളും കോളേജ് ഐഡന്റിറ്റി കാർഡുമായി രാവിലെ പത്ത് മണിക്ക് നേരിട്ട് ഹാജരായി അവാർഡുകൾ കൈപ്പറ്റേണ്ടതാണ്.

## ആസ്പയർ സ്കോളർഷിപ്പിന് ക്ഷണിച്ചു

സർവകലാശാല പഠനവകുപ്പിലേയും സർവകലാശാലയ്ക്ക് കീഴിലുള്ള ഗവ./എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലേയും പി.എച്ച്.ഡി, എം.ഫിൽ വിദ്യാർത്ഥികൾ, രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും ഡയറക്ടറേറ്റ് ഓഫ് കോളീജിയേറ്റ് എഡ്യൂക്കേഷൻ 2017-18 അദ്ധ്യയന വർഷത്തിലെ ആസ്പയർ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 18. വിശദവിവരങ്ങൾക്ക് www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിലും (www.keralauniversity.ac.in) news എന്ന ലിങ്കിലും ലഭിക്കും.

## എം.എഡ് വാചാ പരീക്ഷ

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ് ഡിഗ്രി പരീക്ഷയുടെ (2015 സ്കീം ദ്വിവത്സര പ്രോഗ്രാം) വാചാ പരീക്ഷ ഫെബ്രുവരി 16-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ഓൺലൈനായി അപേക്ഷിക്കാം

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എം.ബി.എ (ജനറൽ), എം.ബി.എ (ടൂറിസം) (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം) കോഴ്സുകളുടെയും സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം-കൾ) എം.ബി.എ (ഫുൾ ടൈം) കോഴ്സിന്റെയും 2018-2020 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 14 വൈകിട്ട് അഞ്ച് മണി വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admission.keralauniversity.ac.in) ലഭിക്കും.

## എം.ടെക് ഫലം

കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ എം.ടെക് ഒന്നും മൂന്നും സെമസ്റ്റർ സിവിൽ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിങ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല 2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി. എസ്സി ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി ആറിന് ആരംഭിക്കും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അലുമ്നി അസോസിയേഷൻ

കേരള സർവകലാശാല കൊമേഴ്സ് പഠന വിഭാഗം അലുമ്നി അസോസിയേന്റെ 2018-ലെ വാർഷിക ഒത്തുച്ചേരൽ ഫെബ്രുവരി പത്താം തീയതി രാവിലെ 10.30 ന് കൊമേഴ്സ് പഠനവകുപ്പിൽ നടക്കും. ബന്ധപ്പെടേണ്ട നമ്പർ: 0471-2412179, 09496254542, 9567571203.

തിരുവനന്തപുരം.
03.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098